**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5658 18/11/2019-ൽ മറുപടിക്ക്

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർ

| **ചോദ്യം.**<br>ശ്രീ.എൽദോ എബ്രഹാം | | **ഉത്തരം**<br>കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം എത്രയാണെന്നും വിരമിക്കൽ പ്രായം അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്നും അറിയിക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരായ അധ്യാപകരുടേത് ഒഴികെയുള്ള മറ്റ് വിഭാഗം അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം 60 വയസാണ്. 28/11/2017 -ലെ സ.ഉ(കൈ) 169/2017/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരായ അധ്യാപകരുടെ വിരമിക്കൽ പ്രായം 62 വയസാക്കി ഉയർത്തിയിട്ടുണ്ട്. വിരമിക്കൽ പ്രായം അവസാനമായി പരിഷ്കരിച്ചത് പ്രസ്തുത ഉത്തരവ് പ്രകാരമാണ്. |
| ബി) പ്രസ്തുത അദ്ധ്യാപകർക്ക് സൂപ്പർ അന്വേഷൻ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്ക് സൂപ്പർ അന്വേഷൻ ആനുകൂല്യം നൽകി വരുന്നുണ്ട്. അക്കാദമിക് വർഷം അവസാനിക്കുന്നതാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടു വരുന്ന മാനദണ്ഡം. |
| (സി) സൂപ്പർ അന്വേഷൻ ആനുകൂല്യം ലഭിച്ച എത്ര അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സൂപ്പർ അന്വേഷൻ ആനുകൂല്യം ലഭിച്ച 13 (പതിമൂന്ന്) അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ